(എ) കോഴിക്കോട് നടക്കാവിൽ നിലവിലുണ്ടായിരുന്ന മാവേലി സ്റ്റോർ വീണ്ടും തുറന്ന് പ്രവർത്തനമാരംഭിക്കണമെന്നുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാവേലി സ്റ്റോർ പ്രവർത്തനം വീണ്ടും ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോർ പ്രവർത്തിപ്പിക്കുവാൻ അനുയോജ്യമായ കെട്ടിടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് നടക്കാവിലെ മാവേലി സ്റ്റോർ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ പുതിയ മാവേലിസ്റ്റോറുകൾ

111(852)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പുതുതായി എത്ര മാവേലിസ്റ്റോറുകൾ ഈ നഗരത്തിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി അവ ആരംഭിക്കുവാനാണ് സർക്കാർ ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. നഗരങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഉടൻ തന്നെ പരിഗണിക്കുന്നതാണ്.

വ്യാജമണ്ണെണ്ണ പെർമിറ്റുകൾ തടയാൻ നടപടി

112(853) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നടത്തിയ മത്സ്യബന്ധനോപകരണങ്ങളുടെ പരിശോധനയിൽ വ്യാജപെർമിറ്റുകൾ കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം കണ്ടുപിടിച്ച വ്യാജ പെർമിറ്റുകൾക്ക് വീണ്ടും മണ്ണെണ്ണ കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) അഞ്ചുവർഷത്തിനുമേൽ പഴക്കമുള്ള ഔട്ട്ഡോർ എഞ്ചിനുകൾക്കുള്ള മണ്ണെണ്ണ പെർമിറ്റുകൾ റദ്ദ് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly